"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - വിധവ പുനർവിവാഹ ധനസഹായ പദ്ധതി (മംഗല്യ) - മാനദണ്ഡം പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.49/2025/WCDD തീയതി,തിരുവനന്തപുരം, 01-02-2025

---

പരാമർശം:- 1. സ.ഉ.(സാധാ)നം.472/2008/സാക്ഷേവ തീയതി 12.11.2008.

2. വനിതശിശു വികസന ഡയറക്ടറുടെ 01.11.2024-ലെ ഡി.ഡബ്ല്യു.സി.ഡി/3252/2024-ഡബ്ല്യു.ഇ.സി-2 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് 2008 മുതൽ നടപ്പിലാക്കി വരുന്ന മംഗല്യ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്കായി സമർപ്പിക്കുന്ന രേഖകളിൽ വിവാഹബന്ധം വേർപ്പെടുത്തിയതു സംബന്ധിച്ച കോടതി ഉത്തരവ് ഹാജരാക്കണമെന്ന് പരാമർശം(1) ലെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഒരു മതസ്ഥാപനം നൽകുന്ന വിവാഹ മോചന കരാർ പുനർ വിവാഹ രജിസ്ട്രേഷന് നിയമസാധുതയുള്ളതാണെന്ന് ബഹു.ഹൈക്കോടതി വിധിച്ചിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത വിവാഹ മോചന കരാർ മംഗല്യ പദ്ധതി പ്രകാരമുള്ള ധനസഹായത്തിനുള്ള മാനദണ്ഡമായി പരിഗണിക്കുവാൻ സാധിക്കുമോ എന്നതിൽ സ്പഷ്ടീകരണം നൽകണമെന്ന് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മംഗല്യ പദ്ധതി പ്രകാരമുള്ള ധനസഹായത്തിനായി ഹാജരാക്കുന്ന രേഖകളിൽ വിവാഹ ബന്ധം വേർപെടുത്തിയതു സംബന്ധിച്ച കോടതി ഉത്തരവിനോടൊപ്പം മഹല്ല് കമ്മിറ്റി നൽകുന്ന സർട്ടിഫിക്കറ്റും പരിഗണിക്കാവുന്നതാണ് എന്ന വ്യവസ്ഥയിൽ പരാമർശം 1) ലെ ഉത്തരവ് പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
(പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Bindu K N
Date: 01-02-2025 17:00:52
സെക്ഷൻ ഓഫീസർ